<u>15 -ാം കേരള നിയമസഭ</u>

<u>16 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1933</u> <u>04-02-2026 - ൽ മറുപടിയ്ക്ക്</u>

<u>പാറശാല മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കായിക വകുപ്പ്, സ്പോർട്സ് കൗൺസിൽ എന്നിവ മുഖേന പാറശാല മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാന വികസന പദ്ധതികളും നിർമ്മാണ പ്രവൃത്തികളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്നും അവയിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മണ്ഡലത്തിലെ ഗ്രാമീണ കളിസ്ഥലങ്ങൾ വികസിപ്പിക്കുന്നതിനായി നടപ്പിലാക്കിയ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (ബി) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല നിയോജമണ്ഡലത്തിൽ നിലവിൽ 3 പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത്. ടി പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. **കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ മഞ്ചവിളാകം സ്റ്റേഡിയം നിർമ്മാണം**<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ മഞ്ചവിളാകം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി 1 കോടി രൂപയുടെ ഭരണാനുമതിയും ആയത് പ്രകാരം സാങ്കേതികാനുമതിയും നൽകി ടെണ്ടർ ക്ഷണിക്കുകയും M/s. Primetect Engineering, Ernakulam ത്തിന് 29.01.2026 ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.<br><br>2. **പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ അയിരൂർ എൽ.പി.എസ് സ്കൂൾ സ്റ്റേഡിയം വികസനം**<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ അയിരൂർ എൽ.പി.എസ് സ്കൂൾ സ്റ്റേഡിയം വികസന പ്രവൃത്തിക്കായി 1 കോടി രൂപയുടെ ഭരണാനുമതിയും ആയത് പ്രകാരം സാങ്കേതികാനുമതി നൽകുകയും |

| | | | |
|---|---|---|---|
| | | | 10.01.2025 ന് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. എന്നാൽ കരാർ ഒന്നും ലഭ്യമാകാത്തതിനാൽ 23.10.2025 ന് റീ ടെണ്ടർ ക്ഷണിക്കുകയും 5.31 % മുകളിൽ ക്വാട്ട് ചെയ്ത ബിഡ്ഡറിനെ ലഭിച്ചുവെങ്കിലും വർക്ക് ഏറ്റെടുക്കാൻ തയ്യാറാകാത്തതിനെ തുടർന്ന് പ്രവൃത്തി 22.01.2026 ന് റീടെണ്ടർ ചെയ്തിട്ടുണ്ട്.<br><br>3. **പാറശ്ശാല ഗ്രാമപഞ്ചായത്തിലെ കലാഗ്രാമം സ്റ്റേഡിയം വികസനം**<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പാറശ്ശാല ഗ്രാമപഞ്ചായത്തിലെ കലാഗ്രാമം സ്റ്റേഡിയം വികസന പ്രവൃത്തിക്കായി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയത് പ്രകാരം പ്രസ്തുത പ്രവൃത്തിക്കായി സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുകയും തുടർന്ന് 9.75 % മുകളിൽ ക്വാട്ട് ചെയ്ത M/s. Primetect Engineering, Ernakulam കരാറുകാരനെ ലഭ്യമായിട്ടുണ്ട്. |
| (സി) | ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ സമയബന്ധിതമായി തീർക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല നിയോജമണ്ഡലത്തിൽ നിലവിൽ 3 പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത്. ടി പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. **കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ മഞ്ചവിളാകം സ്റ്റേഡിയം നിർമ്മാണം**<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ മഞ്ചവിളാകം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി 1 കോടി രൂപയുടെ ഭരണാനുമതിയും ആയത് പ്രകാരം സാങ്കേതികാനുമതിയും നൽകി ടെണ്ടർ ക്ഷണിക്കുകയും M/s. Primetect Engineering, Ernakulam ത്തിന് 29.01.2026 ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.<br><br>2. **പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ അയിരൂർ എൽ.പി.എസ് സ്കൂൾ സ്റ്റേഡിയം വികസനം**<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ അയിരൂർ എൽ.പി.എസ് സ്കൂൾ സ്റ്റേഡിയം വികസന പ്രവൃത്തിക്കായി 1 കോടി രൂപയുടെ ഭരണാനുമതിയും ആയത് പ്രകാരം സാങ്കേതികാനുമതി നൽകുകയും 10.01.2025 ന് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. എന്നാൽ കരാർ ഒന്നും ലഭ്യമാകാത്തതിനാൽ 23.10.2025 ന് റീ ടെണ്ടർ ക്ഷണിക്കുകയും 5.31 % മുകളിൽ ക്വാട്ട് ചെയ്ത ബിഡ്ഡറിനെ ലഭിച്ചുവെങ്കിലും |

| | | | |
|---|---|---|---|
| | | | വർക്ക് ഏറ്റെടുക്കാൻ തയ്യാറാകാത്തതിനെ തുടർന്ന് പ്രവൃത്തി 22.01.2026 ന് റീടെണ്ടർ ചെയ്തിട്ടുണ്ട്.<br><br>3. **പാറശ്ശാല ഗ്രാമപഞ്ചായത്തിലെ കലാഗ്രാമം സ്റ്റേഡിയം വികസനം**<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പാറശ്ശാല ഗ്രാമപഞ്ചായത്തിലെ കലാഗ്രാമം സ്റ്റേഡിയം വികസന പ്രവൃത്തിക്കായി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയത് പ്രകാരം പ്രസ്തുത പ്രവൃത്തിക്കായി സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുകയും തുടർന്ന് 9.75 % മുകളിൽ ക്വാട്ട് ചെയ്ത M/s. Primetect Engineering, Ernakulam കരാറുകാരനെ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**പാറശ്ശാല നിയോജക മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുക**

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | ആനാവൂർ ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിലെ കളിസ്ഥല നവീകരണം - ഒന്നാംഘട്ടം | 100.00 | 03.05.2023 ൽ പ്രവൃത്തി പൂർത്തിയായി |
| 2. | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി - കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡ്യത്തിന്റെ നവീകരണ പ്രവൃത്തി | 50.00 (എം.എൽ.എ - എ.ഡി.എസ് ഫണ്ട്) | 30.01.2024 ൽ പ്രവൃത്തി പൂർത്തിയായി |
| 3. | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി - കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡ്യത്തിന്റെ നവീകരണ പ്രവൃത്തി | 50.00 (പ്ലാൻ ഫണ്ട്) | 30.01.2024 ൽ പ്രവൃത്തി പൂർത്തിയായി |
| 4. | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി - കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ മഞ്ചവിളാകം സ്റ്റേഡിയം നിർമ്മാണം | 100.00 | പ്രസ്തുത പ്രവൃത്തിക്കായി സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. കരാറുകാരനെ ലഭ്യമായതിനെ തുടർന്ന് M/s. Primetect Engineering, Ernakulam ത്തിന് 29.01.2026 ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |
| 5. | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി - പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ അയിരൂർ എൽ.പി.എസ് സ്റ്റേഡിയം വികസനം | 100.00 | പ്രസ്തുത പ്രവൃത്തിക്കായി സാങ്കേതികാനുമതി നൽകുകയും 10.01.2025 ന് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. എന്നാൽ കരാർ ഒന്നും ലഭ്യമാകാത്തതിനാൽ 23.10.2025 ന് റീ ടെണ്ടർ ക്ഷണിക്കുകയും 5.31 % മുകളിൽ ക്വാട്ട് ചെയ്ത ബിഡ്ഡറിനെ ലഭിച്ചുവെങ്കിലും വർക്ക് ഏറ്റെടുക്കാൻ തയ്യാറാകാത്തതിനെ തുടർന്ന് |

| | | | |
|---|---|---|---|
| | | | പ്രവൃത്തി 22.01.2026 ന് റീടെണ്ടർ ചെയ്തിട്ടുണ്ട്. 31.01.2026 നാണ് അവസാന തീയതി. |
| 6. | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി - പാറശ്ശാല ഗ്രാമപഞ്ചായത്തിലെ കലാഗ്രാമം സ്റ്റേഡിയം വികസനം | 100.00 | പ്രസ്തുത പ്രവൃത്തിക്കായി സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുകയും തുടർന്ന് 9.75 % മുകളിൽ ക്വാട്ട് ചെയ്ത M/s. Primetect Engineering, Ernakulam കരാറുകാരനെ ലഭ്യമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**